**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3886** **03-03-2023 - ൽ മറുപടിയ്ക്ക്**

**സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികയിൽ ഓപ്പൺ മാർക്കറ്റ്, കോൺസ്റ്റബുലറി ബൈ ട്രാൻസ്ഫർ, മിനിസ്റ്റീരിയൽ ബൈ ട്രാൻസ്ഫർ എന്നീ മൂന്ന് റാങ്ക് ലിസ്റ്റുകളിൽ നിന്നും ശതമാന അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന സാഹചര്യത്തിൽ ഓപ്പൺ മാർക്കറ്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച് കഴിഞ്ഞാലും കോൺസ്റ്റബുലറി ബൈ ട്രാൻസ്ഫർ വിഭാഗത്തിൽ നിന്ന് അർഹമായ തസ്തികകളിലേക്ക് ശതമാന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | ബൈട്രാൻസ്ഫർ നിയമനത്തിനായി നിലവിലുണ്ടായിരുന്ന മുഴുവൻ തസ്തികകളിലും നിയമനം നൽകുന്നുണ്ട്. നേരിട്ടുള്ള നിയമനത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്ക് ബൈട്രാൻസ്ഫർ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് എതിരായതിനാലും തെറ്റായ കീഴ്വഴക്കങ്ങൾക്കും സീനിയോരിറ്റി പ്രശ്നങ്ങൾക്കും ഇടയാക്കുമെന്നതിനാലും ഓപ്പൺ മാർക്കറ്റ് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച് കഴിഞ്ഞാൽ കോൺസ്റ്റാബുലറി/മിനിസ്റ്റീരിയൽ ബൈട്രാൻസ്ഫർ വിഭാഗത്തിൽ നിന്ന് നിയമനം നടത്തുന്നതിന് സാധിക്കില്ല. |
| (ബി) | കാറ്റഗറി നമ്പർ 163/2015 സബ് ഇൻസ്പെക്ടർ കോൺസ്റ്റബുലറി ബൈ ട്രാൻസ്ഫർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് ആഭ്യന്തര എ3/ 116/2022 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തരമായി ഉത്തരവിറക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | സബ് ഇൻസ്പെക്ടർ കോൺസ്റ്റാബുലറി ബൈ-ട്രാൻസ്ഫർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് ശ്രീ. മുകേഷ് കുമാർ സി.ബി. സർക്കാരിൽ സമർപ്പിച്ച അപേക്ഷ സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാർ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ് |
| (സി) | മേൽപ്പറഞ്ഞ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് നിയമസഭയുടെ യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി ആഭ്യന്തര വകുപ്പിന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (സി) | സബ് ഇൻസ്പെക്ടർ കോൺസ്റ്റാബുലറി ബൈട്രാൻസ്ഫർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. മുകേഷ് കുമാർ സി.ബി. സമർപ്പിച്ച ഹർജിയിൽ ബഹു. സമിതിക്ക് സർക്കാർ മറുപടി നൽകിയിരുന്നു. തുടർന്ന് ശ്രീ. മുകേഷ് കുമാർ സമർപ്പിച്ച പ്രതികരണ ഹർജി പരിശോധനയിലാണ് |

സെക്ഷൻ ഓഫീസർ